## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*285

19-07-2016 ൽ മറുപടിയ്ക്ക്

## നെൽവയൽ സംരക്ഷണം

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. എൽദോ എബ്രഹാം
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. മുഹമ്മദ് മുഹസിൻ പി.

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയലുകളെ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങളായി പ്രഖ്യാപിക്കുവാൻ പദ്ധതിയുണ്ടോ; | (എ) | റംസാർ ഉടമ്പടി പ്രകാരമുള്ള പ്രദേശങ്ങളിൽ വരുന്ന നെൽവയലുകളെല്ലാം സംരക്ഷിത പ്രദേശങ്ങളാണ്. സംസ്ഥാനത്ത് നെൽ വയലുകളുടെ സംരക്ഷണത്തിന് 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം നിലവിലുണ്ട്. ടി നിയമത്തിലെ സെക്ഷൻ (3) പ്രകാരം സംസ്ഥാനത്തെ നെൽവയൽ പരിവർത്തന പ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കാർഷിക മേഖലയിൽ നിക്ഷേപ വർദ്ധനവിന് എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ബി) | നെൽക്കൃഷി പ്രോൽസാഹനത്തിനുള്ള അടങ്കൽ 50 കോടി രൂപയായി ഉയർത്തുന്നതിനും നെൽക്കൃഷിക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മൂല്യവർദ്ധിത കാർഷി കോല്പന്നങ്ങൾക്ക് വേണ്ടിയുള്ള അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുവാൻ പുതുക്കിയ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. വിവിധ അഗ്രോ-പാർക്കുകൾക്കായി 500 കോടി രൂപാ ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കേരളത്തിൽ പാലക്കാട്, ആലപ്പുഴ, എറണാകുളം, ജില്ലകളിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ-പാർക്കുകൾ തുടങ്ങുന്നതാണ്. അരിയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കാൻ താല്പര്യമുള്ള സംരംഭകർക്ക് സാങ്കേതിക സഹായവും സ്ഥലസൗകര്യവും നെല്ലിനെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനമാക്കി അഗ്രോപാർക്ക് മുഖേന നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. അരി അധിഷ്ഠിതമായ കേരള ബ്രാൻഡ് ഉല്പന്നങ്ങൾക്ക് ആഭ്യന്തര വിപണിയിലുള്ള സ്വീകാര്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനും നെൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ തരിശ് കിടക്കുന്ന കൃഷിയോഗ്യമായ തരിശു നിലങ്ങളും കായൽ പ്രദേശങ്ങളും നെൽകൃഷിക്ക് ഉപയുക്തമാക്കി 5 വർഷം കൊണ്ട് സംസ്ഥാനത്തിലെ നെൽകൃഷി വിസ്തീർണ്ണം നിലവിലുള്ള 1.94 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറാക്കുവാൻ ഉദ്ദേശിക്കുന്നു. നെൽ കൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി.<br>2. വികസന ഏജൻസികൾക്കുള്ള ധനസഹായം.<br>3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം .<br>4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.<br>5. കരനെൽകൃഷി വികസനം<br>6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ).<br>7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ).<br>8. ഒരുപൂ കൃഷി ഇരുപൂ കൃഷിയാക്കി മാറ്റുന്നതിനുള്ള നടപടികൾ |

സെക്ഷൻ ഓഫീസർ